പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3452. — 09.04.2013 -ൽ മറുപടിക്ക്

## ഭൂമിയുടെ വിലനിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്തെ ഭൂമിയുടെ വില നിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെല്ലാം അധികാരങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

എ) 1959-ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28എ അനുസരിച്ച്, 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസിന് വിധേയമായി, സംസ്ഥാനത്തെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ, തങ്ങളുടെ അധികാര പരിധിയിലെ ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് അത് സംബന്ധിച്ച കരട് വിജ്ഞാപനം ഗസറ്റിലൂടെ പരസ്യപ്പെടുത്തുന്നു. കരട് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം ലഭിക്കുന്ന പരാതികൾ/ നിർദ്ദേശങ്ങൾ പരിശോധിച്ച് അന്തിമ ഫെയർ വാല്യൂ നിശ്ചയിച്ച് Form A നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും അത് ഔദ്യോഗിക ഗസറ്റിലൂടെ പരസ്യപ്പെടുത്തുകയും ചെയ്യുന്നു. ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന അന്തിമ ഫെയർ വാല്യൂ സംബന്ധിച്ച് പരാതിയുള്ള പക്ഷം, ഒരു വർഷത്തിനകം, ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. ടി സമയത്തിനുള്ളിൽ അപ്പീൽ നൽകാതിരിക്കുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണമുണ്ടെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്ന പക്ഷം,

ഒരു വർഷക്കാല പരിധിക്കുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും ജില്ലാ കളക്ടർക്ക് പരിഗണിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| ബി) | ഇത് സംബന്ധമായ നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | ബി) | 1959-ലെ കേരള മുദ്രപ്പത്ര നിയമം 28എ വകുപ്പ്, 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസ്, 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ആക്ട് (2013-ലെ 14-ാം ആക്ട്) എന്നിവയുടെ പകർപ്പുകൾ അടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**